# കേരള സംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ,
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീഅലക്സാണ്ടർതോമസ്,
ബഹു. ചെയർപേഴ്സൺ.

**<u>എച്ച്.ആർ.എം.പി.നമ്പർ : 4521/11/12/2024/റ്റി.വി.എം.</u>**

പരാതിക്കാരൻ : എസ്. ജെറോം മിരാൻറ,
ആർ.ആർ.ഭവൻ,പ്രതീക്ഷ, ഡി–5 ബ്ലോക്ക്,ഫ്ലാറ്റ് നം.എഫ് 3,
വലിയതുറ, വള്ളക്കടവ്.പി.ഒ, തിരുവനന്തപുരം.

എതിർകക്ഷികൾ: 1) ജില്ലാ മെഡിക്കൽ ഓഫീസർ, വഞ്ചിയൂർ.പി.ഒ,
തിരുവനന്തപുരം– 695035.
2) നഗരസഭാസെക്രട്ടറി, തിരുവനന്തപുരം– 695033.
3) മെഡിക്കൽ ഓഫീസർ, വലിയതുറ തീരദേശ
സ്പെഷ്യാലിറ്റി ആശുപത്രി, വലിയതുറ,

**<u>ഉത്തരവ്തിയതി: 07.11.2025</u>**

1.നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വലിയതുറ തീരദേശ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കിടത്തി ചികിത്സ നിർത്തലാക്കിയെന്നും. ഡോക്ടർമാരും നേഴ്സുമാരും മറ്റ് സ്റ്റാഫും ആവശ്യത്തിനില്ലെന്നും ഒരു പ്രാഥമിക ആരോഗ്യകേന്ദ്രമായിട്ടാണ് ടി ആശുപത്രി നിലവിൽ പ്രവർത്തിക്കുന്നതെന്നും രാവിലെ 8 മണിക്കും 8.30 മണിക്കും ഇടയിലാണ് പ്രവേശനഗേറ്റ് തുറക്കുന്നതെന്നും അതിനാൽ പലവിധ അസുഖങ്ങളാൽ ബുദ്ധിമുട്ടി ചികിത്സ തേടിവരുന്ന രോഗികൾ ഗേറ്റിനുപുറത്ത് കാത്ത് നിൽക്കേണ്ടിവരുന്നെന്നും തിരക്കേറിയറോഡ് ആയതിനാൽ ഇപ്രകാരം ക്യൂനിൽക്കുന്നത് അപകടകരമാണെന്നും ആവശ്യത്തിന് ഡോക്ടർമാരെയും നേഴ്സുമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ച് ടി ആശുപത്രി 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി കമ്മീഷനിൽ നിന്നുണ്ടാകണമെന്നും മറ്റുമാണ് പരാതിയിലെ ആവശ്യം.

2. പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നഗരസഭ സെക്രട്ടറി എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചും ഹർജികക്ഷിയെ നേരിൽ കേട്ടും കമ്മീഷൻ 08.04.2025 തീയതി ഒരു ഇടക്കാല ഉത്തരവ് പാസ്സാക്കിയിട്ടുണ്ടായിരുന്നു. ഉത്തരവിലെ നിർദ്ദേശങ്ങൾ ഇപ്രകാരമായിരുന്നു;

''വലിയതുറ തീരദേശ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കിടത്തി ചികിത്സ സൗകര്യം ഇനിയും വൈകിപ്പിക്കുന്നത് ശരിയല്ല. ആരോഗ്യവകുപ്പും നഗരസഭാ അധികൃതരും ജനപ്രതിനിധികളും കൂട്ടായി പരിശ്രമിച്ചാൽ കിടത്തി ചികിത്സയും 24 മണിക്കൂർ സേവനവും ലഭ്യമാക്കാൻ സാധിക്കും. ആയതിലേയ്ക്ക് ഇപ്പോൾ തുടർന്നു

വരുന്ന നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കേണ്ടതുണ്ട്. ഐ.പി വാർഡിന്റെ അറ്റകുറ്റപ്പണികൾക്കായി നഗരസഭ ചെയ്യുവരുന്ന പ്രവൃത്തികൾ ഇനിയും പൂർത്തിയായിട്ടില്ലായെങ്കിൽ ആയത് അടിയന്തിരമായി പൂർത്തീകരിച്ച് കെട്ടിടം കൈമാറേണ്ടതാണ്. കിടത്തി ചികിത്സാ സൗകര്യത്തിനായി ആവശ്യമായി വരുന്ന ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും സേവനം ജില്ലാ മെഡിക്കൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറും നഗരസഭ സെക്രട്ടറിയും സംയുക്തമായി യോഗം ചേർന്ന് കിടത്തി ചികിത്സയ്ക്ക് ആവശ്യമായ സൗകര്യങ്ങളിൽ നഗരസഭ എന്തൊക്കെ ചെയ്യണമെന്നും, ആരോഗ്യ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നതിനെ സംബന്ധിച്ചും വ്യക്തത വരുത്തി കിടത്തി ചികിത്സയും 24 മണിക്കൂർ സേവനവും 2 മാസത്തിനുള്ളിൽ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.''

3. കമ്മീഷൻ 08.04.2025 തീയതി പാസാക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി 08.10.2025 തീയതിയിലും ജില്ലാ മെഡിക്കൽ ഓഫീസർ 11.09.2025 തീയതിയിലും Action Takenറിപ്പോർട്ടുകൾ സമർപ്പിച്ചു.

4. വലിയതുറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 20.11.2024 മുതൽ 24 മണിക്കൂറും ഒപി . സേവനങ്ങളും ഒബ്സർവേഷനും ലഭ്യമാണ് എന്നും മേൽക്കൂരയുടെ പണി പൂർത്തീകരിച്ച് വാർഡ് നവീകരണവും നടന്നു കഴിഞ്ഞാൽ നവംബർ ആദ്യവാരത്തോടുകൂടി 24 മണിക്കൂർ കിടത്തി ചികിത്സ സേവനങ്ങൾ നൽകാൻ കഴിയുമെന്നും, വലിയതുറ തീരദേശ സ്പെഷ്യലിറ്റി ആശുപത്രിക്ക് 15 ലക്ഷം രൂപ ഹെൽത്ത് ഗ്രാൻഡ് ആയി ലഭിക്കേണ്ടതാണെന്നും, ടി തുക 2025 -2026 സാമ്പത്തിക വർഷത്തിൽ എങ്കിലും ലഭ്യമാക്കിയാൽ ആശുപത്രി സേവനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമെന്നും, ANERT സ്ഥാപിച്ച സോളാർ പാനലുകൾ മാറ്റി മേൽക്കൂര നവീകരണം നടന്നുകൊണ്ടിരിക്കുന്നതായും നവികരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ കിടത്തി ചികിത്സ തുടങ്ങാവുന്നതാണെന്നും DMO സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു.

5. വലിയതുറ ആശുപത്രിയിലെ ചോർച്ച പരിഹരിക്കുന്നതിനായി ശ്രീ ഐസക് എഡിസൺ എന്ന കരാറുകാരൻ കരാർ ഏറ്റെടുത്തിട്ടുള്ളതും നിലവിൽ ടി പ്രവർത്തി നടന്നുവരികയും എത്രയും വേഗം പണിപൂർത്തീകരിക്കുന്നതാണെന്നും, കൂടാതെ ടി സ്ഥാപനത്തിൽ ഡയഗനോണിസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാൻഡ് അനുവദിച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിൽ കാണുന്നു.

6. തീരദേശ മേഖലയിലെ സാധാരണക്കാർ ആശ്രയിക്കുന്ന ഈ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കേണ്ടത് അത്യാവശ്യം തന്നെയാണെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. കോവിഡ് കാലഘട്ടത്തിന് മുമ്പ് ഈ സ്ഥാപനത്തിൽ 24 മണിക്കൂറും

കിടത്തി ചികിത്സ നൽകിയിരുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലമായി കിടത്തി ചികിത്സ കഴിയാത്ത സാഹചര്യം ഉണ്ടായി. ഇപ്പോൾ വാർഡുകളിലെ നവീകരണ പ്രവർത്തികൾ നടന്നുവരുന്നതായാണ് റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നത്. കിടത്തി ചികിത്സ അനന്തമായി വൈകിപ്പിക്കുന്നത് നീതീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ വാർഡുകളുടെ നവികരണ പ്രവൃത്തികൾ 2 മാസത്തിനുള്ളിൽ പൂർത്തീകരിച്ചു കൊടുക്കുന്നതിനുള്ള നടപടി നഗരസഭ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. 2026 മാർച്ച് മാസത്തിനുള്ളിൽ ഈ ആശുപത്രിയിൽ കിടത്തി ചികിത്സ സൗകര്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

ഈ നിർദ്ദേശത്തോടുകൂടി പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നഗരസഭ സെക്രട്ടറി, ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
**ചെയർപേഴ്സൺ**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ